# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 814/11/12/2023/ TVM**

പരാതികക്ഷി : മോനി ജോർജ്ജ്,പ്ലാമൂട്ട് വീട്ടിൽ
ആര്യനാട്,നെടുമങ്ങാട്,തിരുവനന്തപുരം

എതിർകക്ഷികൾ വിജയൻ മകൻ വിനീഷ്കുമാർ, വിനീഷ്ഭവൻ
ആര്യനാട്,നെടുമങ്ങാട്,തിരുവനന്തപുരം
**മുതൽപേർ**

**ഉത്തരവ് തീയതി 27.01.2024**

പരാതികക്ഷിക്കെതിരെ ഒന്നാം എതിർകക്ഷി കളവായി കൊടുത്ത പരാതിയിന്മേൽ ആര്യനാട് പോലീസ് ക്രൈം 300/22 ആയി കേസ് രജിസ്റ്റർ ചെയ്ത് പരാതിക്കാരനെ ബുദ്ധിമുട്ടിക്കുന്നതായും, താനും എതിർകക്ഷികളും തമ്മിൽ വസ്തു സംബന്ധമായ സിവിൽ കേസുകൾ നടന്നുവരുന്നതായും ,ആയതിൽവച്ചുള്ള വിരോധം കാരണമാണ് ഇപ്രകാരം പരാതി നൽകിയതെന്നും, തനിക്കെതിരെ രജിസ്റ്റർ ചെയ്ത് ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം300/2022 നമ്പർ കേസ് പുനരന്വേഷണം നടത്തണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതി കാട്ടാക്കട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയെ പ്രതിയാക്കി ആര്യനാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം.856/2022, ക്രൈം 300/2022, ക്രൈം.935/2022 നമ്പർ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലാണെന്നും റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. പരാതിക്കാരനെതിരെ ആര്യനാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം.856/2022, ക്രൈം 300/2022, ക്രൈം.935/2022 നമ്പർ കേസുകൾ നിലവിൽ അന്വേഷണം പൂർത്തിയാക്കി അതിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലാണെന്നും കാണാവുന്നതാണ്. കോടതിയുടെ പരിഗണനയിലുള്ള ഒരു കാര്യത്തിൽ കമ്മീഷന് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. കുററപത്രം കോടതിയിൽ സമർപ്പിച്ചതിനാൽ കുററപത്രത്തെപ്പററി ആക്ഷേപം ഉണ്ടെങ്കിൽ ഹർജികക്ഷി ഇക്കാര്യം കോടതിയിൽ ബോധ്യപ്പെടുത്തി പരാതിക്ക് പരിഹാരം തേടാവുന്നതാണ്.

പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

Amithesv
രജിസ്ട്രാർ